പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4907 | 05/02/2014-ൽ മറുപടിക്ക് |
|---|---|

**കുടുംബശ്രീ പദ്ധതി പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പുമന്ത്രി | |
| (എ) | ദാരിദ്ര്യംനിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നായനാർ സർക്കാർ 1998 ൽ ആരംഭിച്ച കുടും-ബശ്രീ പദ്ധതിയുടെ 12-ാം പ-ദ്ധതി കാലയളവിലെ ഇതേ വരെയുള്ള പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; | (എ) | സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാ മാസവും ചേരുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ (പി.ആർ.എം) അവലോകനം ചെയ്യാറുണ്ട്. ഇതു കൂടാതെ നിയോജക മണ്ഡല അടിസ്ഥാനത്തിൽ എം.എൽ.എ മാർ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള കുടുംബശ്രീ സംയോജിത മേൽനോട്ട സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ഇതോടൊപ്പം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബ്രയിൻ സ്റ്റോമിംഗ് സെക്ഷനുകളും നടത്തി വരുന്നു. |
| (ബി) | ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഈ കാലയളവിൽ കുടുംബശ്രീ പദ്ധതി പ്രവർത്തനം വഴി എത്ര മാത്രം സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കുടുംബശ്രീ മിഷനിലെ അംഗങ്ങളായിട്ടുള്ള ദരിദ്ര ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനു ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും ഈ കാലയളവിൽ കുടുംബശ്രീ മിഷൻ നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കുടുംബശ്രീയുടെ പരിഗണനയിലുള്ള നൂതന സംരംഭങ്ങൾ വെളിപ്പെടുത്താമോ? | (സി) | സുസ്ഥിരമായ സ്വയംതൊഴിലിലൂടെയോ, സ്കിൽ ട്രെയിനിംഗ് & പ്ലെയ്സ്മെന്റിലൂടെയോ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഉപജീവന സാദ്ധ്യത കണ്ടെത്തുകയും അതുവഴി സാമ്പത്തിക ഉന്നമനം, വികസനം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുകയും എന്നത് കുടുംബശ്രീയുടെ ഉദ്ദേശ്യങ്ങളിലൊന്നാണ്. സൂക്ഷ്മ സംരംഭങ്ങൾ, സംഘകൃഷി, വൈദഗ്ധ്യ പരിശീലനവും തൊഴിലും തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും. കുടുംബശ്രീയുടെ പരിഗണനയിലുള്ള നൂതന ആശയങ്ങൾ ഊർജ്ജശ്രീ,പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ പരിപാലനം, മെയിന്റനൻസ്, ഷീടോയ്ലറ്റ്, സ്ത്രീ നിർമ്മാണത്തൊഴിലാളികളുടെ കളക്ടീവ്സ് എന്നിവയാണ്. |

Joseph

സെക്ഷൻ ഓഫീസർ